ഉത്തരം

(എ) മുല്ലപ്പെരിയാർ അണക്കെട്ട് പ്രദേശത്തിന്റെ 200 കി.മീറ്റർ ചുറ്റളവിൽ കഴിഞ്ഞ 104 വർഷത്തിനിടയിൽ 5 തവണ ഭൂമികുലുക്കം ഉണ്ടായതായി രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) ഭൂമികുലുക്കത്തിന്റെ ഗൗരവമനുസരിച്ച് അണക്കെട്ടിന് നാശനഷ്ടങ്ങളുണ്ടാവാൻ സാധ്യതയുണ്ട്.

(സി) അണക്കെട്ട് തകർന്നാൽ കോട്ടയം, ഇടുക്കി, എറണാകുളം എന്നീ മൂന്ന് ജില്ലകൾ ജലപ്രളയത്തിൽ നശിക്കാൻ ഇടയുണ്ട്. ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തിയിട്ടില്ല.

(ഡി) നഷ്ടം സംബന്ധിച്ച് കൃത്യമായ കണക്കെടുപ്പ് നടത്തിയിട്ടില്ല.

(ഇ) & (എഫ്) 1979-ൽ കേന്ദ്ര ജല കമ്മീഷൻ തമിഴ്നാടും കേരളവുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പുതിയ അണക്കെട്ട് നിർമ്മിക്കുവാൻ സ്ഥലം കണ്ടെത്താൻ നിർദ്ദേശിച്ചിരിന്നു. എന്നാൽ കണ്ടെത്തിയ സ്ഥലം പെരിയാർ ടൈഗർ റിസർവ്വിന്റെ കേന്ദ്ര ഭാഗത്തായതിനാലും വനം വകുപ്പിൽ നിന്നുള്ള അനുമതി കിട്ടാൻ സാധ്യത കുറവായതിനാലും പ്രസ്തുത നടപടി വേണ്ടെന്ന് വയ്ക്കുകയാണുണ്ടായത്.

പുതിയ കുടിവെള്ള പദ്ധതി

57 [T1775] ശ്രീ. സി. കെ. നാണു :

„ എ. സി. ഷൺമുഖദാസ് :

„ കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-ലെ പ്ലാനിംഗ് കമ്മീഷന്റെ നാഷണൽ ഹ്യൂമൻ ഡെവലപ്പ്മെന്റ് റിപ്പോർട്ടിൽ 2000-ൽ ഇൻഡ്യയിലെ പ്രധാന സ്റ്റേറ്റുകളിൽ കുടിവെള്ളം ലഭിക്കുന്നതിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളമെന്ന പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം കേന്ദ്ര സർക്കാരിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. എന്നാൽ ഇത് ശരിയായ വസ്തുതകളുടെ അടിസ്ഥാനത്തിലാണെന്ന് കരുതുന്നില്ല.

(ബി) & (സി) പ്ലാനിംഗ് കമ്മീഷന്റെ റിപ്പാർട്ടിന്റെ അടിസ്ഥാനത്തിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം കേന്ദ്രഗവൺമെന്റിൽ നിന്നും ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ ജെ. ബി. ഐ. സി. സഹായത്തോടെ 1787.45 കോടി രൂപ ചെലവിൽ വിവിധ സ്ഥലങ്ങളിൽ കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പൂർണ്ണമായും പൂർത്തിയാകുമ്പോൾ 43 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാകും. രാജീവ്ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ മിഷന്റെ കീഴിൽ നഗരങ്ങളിലും ഗ്രാമങ്ങളിലും കുടിവെള്ളം എത്തിക്കുവാൻ പ്രോജക്ട് അടിസ്ഥാനത്തിൽ കേന്ദ്രസഹായം ലഭ്യമാക്കുന്നുണ്ട്.

ഉപയോഗിക്കാത്ത വെള്ളത്തിന് ചാർജ്ജ് ഈടാക്കുന്നതായ പരാതി

58 [1776] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയുടെ കവടിയാർ സെക്ഷനിലെ ചില ഉപഭോക്താക്കൾക്ക് ഒബ്സർവേഷൻ റീഡിംഗ് എന്ന് ബില്ലിൽ രേഖപ്പെടുത്തി ഉപയോഗിക്കാത്ത വെള്ളത്തിനുകൂടി ചാർജ്ജ് ഈടാക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പരാതി എന്നാണ് ലഭിച്ചത് ;

(ബി) പ്രസ്തുത പരാതിയിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ;

(സി) ഇപ്രകാരം ബിൽ നൽകി അധികതുക ഈടാക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരത്തിൽ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കിയ അധികതുക തിരിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. അനവധി പരാതികൾ ലഭിക്കുന്നതിനാലും ചോദ്യത്തിൽ പരാമർശിച്ചിരിക്കുന്ന പരാതി ആരുടേതാണെന്ന് വ്യക്തമല്ലാത്തതിനാലും പരാതി ലഭിച്ച ദിവസം അറിയിക്കാൻ കഴിയുകയില്ല.

(ബി) ലഭിക്കുന്ന പരാതികൾ എല്ലാം തന്നെ വിശദമായി പരിശോധിച്ച് പുതിയ റീഡിംഗിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരം പുനർനിർണ്ണയം ചെയ്യാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly